## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **196** — **17.06.2014** ൽ മറുപടിയ്ക്ക്

### മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. കെ. ഗുരുദാസൻ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, സി. കെ. സദാശിവൻ<br>,, ആർ. രാജേഷ്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി)** |
| (എ) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കരിമണൽ കള്ളക്കടത്ത് അടക്കം കണ്ടെത്തി നടപടിയെടുക്കാൻ ബാദ്ധ്യതപ്പെട്ട വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | അന്യ സംസ്ഥാനത്തു നിന്നുള്ളവരുൾപ്പെടെ കരിമണൽ കള്ളക്കടത്ത് നടത്തി വൻ സമ്പത്ത് കൊള്ളയടിച്ചതായി ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ടു പോകുന്നുവെന്ന് പത്രവാർത്തകൾ വന്നതിനെ തുടർന്ന് കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരുടെ സഹായത്തോടുകൂടി ധാതുകടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖലാ മിനറൽ സ്ക്വാഡ് ജാഗ്രത പുലർത്തുകയും കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പരിശോധന നടത്തി വരികയുമാണ്. കൂടാതെ ഈ സ്ഥലത്ത് ഈ ആവശ്യത്തിലേക്കായി പോലീസ് പെട്രോളിങ് നടത്തുന്നുണ്ട്. കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസ്സീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും |

| | | | |
|---|---|---|---|
| | | | നിലവിലുണ്ട്. കൂടാതെ, ആഭ്യന്തര വകുപ്പ് ഈ ആവശ്യത്തിലേയ്ക്കായി അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്(ക്രൈംസ്)നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഇത്തരത്തിലുള്ള കള്ളക്കടത്ത് തടഞ്ഞ് സംസ്ഥാനത്തിന്റെ സമ്പത്ത് സംരക്ഷിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ശക്തമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ധാതു സമ്പത്ത് സംരക്ഷിക്കുന്നതിനായി വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. മൈനിംഗ് ആന്റ് ജിയോളജി വകുപ്പും പോലീസും ചേർന്ന് കരിമണലിന്റെ അനധികൃത ഖനനവും കടത്തും സംബന്ധിച്ച് കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിന്റെ നടപടി ക്രമങ്ങൾ തുടരുകയുമാണ്. മൈനിംഗ് ആന്റ് ജിയോളജി, ആഭ്യന്തരം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അനധികൃത ധാതു ഖനനവും കടത്തും തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, ഡയറക്ടർ ജനറൽ മൈൻ സേഫ്റ്റി, കേന്ദ്ര അറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റ് എന്നിവയുടെയും കർശന നിയന്ത്രണങ്ങളിലാണ് (മിനറൽ സാൻഡ്) ധാതുമണൽ ഖനനം നടക്കുന്നത്. |

സെക്ഷൻ ഓഫീസർ